REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭ 12 മണി വരെയും, രാജ്യസഭ ഉച്ച രണ്ട് മണി വരെയും നിർത്തിവെച്ചു.
- ഇന്ത്യയുടെ വ്യാപാര ആശങ്കകൾ പരിഹരിക്കുമെന്ന് ചൈനീസ് വിദേശകാര്യ മന്ത്രി വാങ് -യി.
- സംസ്ഥാനത്ത് നിത്യോപയോഗ സാധങ്ങളുടെ വിലക്കയറ്റം തടയാൻ സപ്ലൈക്കോയ്ക്ക് കഴിയുന്നുണ്ടെന്ന് മന്ത്രി G.R അനിൽ.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുന്ന നടപടി അതിവേഗം പുരോഗമിക്കുകയാണെന്ന് മന്ത്രി MB രാജേഷ്.
- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തമായ മഴ തുടരുന്നു. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക സംസ്ഥാനങ്ങളിൽ ചുവപ്പു ജാഗ്രത. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്നും വിലക്ക്.

## വാർത്തകൾ വിശദമായി

**പ്രതിപക്ഷ ബഹളം കാരണം പാർലമെന്റ് വർഷകാല സമ്മേളനത്തിന്റെ 20-ാം ദിവസമായ ഇന്നും ഇരുസഭകളും ഉച്ചവരെ നിർത്തിവെച്ചു. ലോക്സഭയിൽ രാവിലെ ചോദ്യോത്തരവേള ആരംഭിച്ചെങ്കിലും, വോട്ടർ പട്ടിക വിഷയത്തിൽ പ്രതിപക്ഷം മുദ്രാവാക്യം വിളിയും, ബഹളവും തുടർന്നതോടെയാണ് സ്പീക്കർ ഓം ബിർള സഭ ഉച്ച 12 മണി വരെ നിർത്തിവെച്ചത്.**

രാജ്യസഭയിലും സമാനമായ അവസ്ഥയായിരുന്നു. രാവിലെ 11-ന് രാജ്യസഭ സമ്മേളിച്ചപ്പോൾ വോട്ടർപട്ടിക അടക്കം വിവിധ വിഷയങ്ങളിൽ അംഗങ്ങളിൽ നിന്ന് 20 അടിയന്തര പ്രമേയ നോട്ടീസുകൾ ലഭിച്ചു. ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് റൂളിംഗ് ചൂണ്ടിക്കാട്ടി നോട്ടീസുകൾ നിരസിച്ചു. ഇതേത്തുടർന്ന് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം മുഴക്കി. ബഹളം തുടർന്നതോടെ സഭ ഉച്ചയ്ക്ക് രണ്ട് മണി വരെ സഭ നിർത്തിവെക്കുകയായിരുന്നു.

✪✪✪

സാമ്പത്തിക ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയുടെ പ്രധാന വ്യാപാര ആശങ്കകൾ പരിഹരിക്കുമെന്ന് ചൈനീസ് വിദേശകാര്യ മന്ത്രി വാങ്-യി ഉറപ്പ് നൽകി. കേന്ദ്രമന്ത്രി ഡോ.S ജയ്ശങ്കറുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തവെയാണ് ചൈനീസ് വിദേശകാര്യ മന്ത്രി ഇക്കാര്യം അറിയിച്ചത്.

അപൂർവ്വ ഭൗമ ധാതുക്കൾ, വളങ്ങൾ, ടണൽ ബോറിങ് മെഷീനുകൾ എന്നിവയുമായി ബന്ധപ്പെട്ട ഇന്ത്യയുടെ മൂന്ന് പ്രധാനപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിന് ചൈന നടപടികൾ സ്വീകരിക്കുന്നതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു.

രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ഇന്നലെയാണ് ചൈനീസ് വിദേശകാര്യ മന്ത്രി വാങ്-യി ന്യൂഡൽഹിയിലെത്തിയത്. ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

✪✪✪

ഇന്ത്യയും ചൈനയും തമ്മിലെ അതിർത്തി വിഷയമടക്കം പ്രശ്നങ്ങളിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും ചൈനീസ് വിദേശകാര്യ മന്ത്രി വാങ് -യി- യും തമ്മിൽ നടത്തുന്ന പ്രത്യേക പ്രതിനിധി ചർച്ച ന്യൂഡൽഹിയിൽ ആരംഭിച്ചു. അതിർത്തി സ്ഥിതി, വ്യാപാരം, ഇരു രാജ്യങ്ങളും തമ്മിൽ വിമാന സർവീസുകൾ പുനരാരംഭിക്കാൻ സാധ്യത എന്നിവയുൾപ്പെടെ നിരവധി വിഷയങ്ങൾ ചർച്ചയാകുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു.

ചൈനയിലെ ടിയാൻജിനിൽ ഈ മാസം അവസാനം ചേരുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ചൈന സന്ദർശിക്കുന്നതിന് മുന്നോടിയായാണ് കൂടിക്കാഴ്ച.

✪✪✪

**വിദേശകാര്യ മന്ത്രി ഡോ. S. ജയ്ശങ്കറിന്റെ മൂന്ന് ദിവസത്തെ റഷ്യ സന്ദർശനം ഇന്ന് ആരംഭിക്കും. നാളെ മോസ്കോയിൽ ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷന്റെ 26-ാമത് യോഗത്തിൽ ഡോ. ജയ്ശങ്കർ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്).....**

**ഇന്ത്യയുടെയും, റഷ്യയുടെയും വ്യാപാര, സാമ്പത്തിക, ശാസ്ത്ര, സാങ്കേതിക, സാംസ്കാരിക മേഖലകളിലെ സഹകരണം ചർച്ചാവിഷയമാകും. സന്ദർശന വേളയിൽ, ഡോ. ജയ്ശങ്കർ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി ചർച്ച നടത്തുന്നതിന് പുറമെ ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യും. ഇരു നേതാക്കളും ഉഭയകക്ഷി പ്രാദേശിക, ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ പരസ്പരം കൈമാറുമെന്നും മന്ത്രാലയം അറിയിച്ചു. ഇന്ത്യയുടെയും റഷ്യയുടെയും ദീർഘകാലത്തെ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനാണ് വിദേശകാര്യ മന്ത്രിയുടെ സന്ദർശനം ലക്ഷ്യമിടുന്നത്.**

✪✪✪

**NDA പാർലമെന്ററി പാർട്ടി യോഗം ന്യൂഡൽഹിയിൽ ചേർന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണനെ പരിചയപ്പെടുത്തുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തു.**

**പ്രതിപക്ഷ MP മാർ ഉൾപ്പെടെ CP രാധാകൃഷ്ണനെ ഏകകണ്ഠമായി തിരഞ്ഞെടുക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചതായി കേന്ദ്രമന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട് പറഞ്ഞു.**

✪✪✪

**NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ നാളെ നാമനിർദ്ദേശപത്രിക സമർപ്പിക്കും. ഇന്ത്യ സഖ്യത്തിന്റെ സ്ഥാനാർത്ഥി പ്രഖ്യാപനം ഉച്ചകഴിഞ്ഞ് ഉണ്ടായേക്കും. കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജ്ജുൻ ഖാർഗെയുടെ നേതൃത്വത്തിൽ സ്ഥാനാർത്ഥി നിർണയം സംബന്ധിച്ച കൂടിയാലോചനകൾ ഡൽഹിയിൽ തുടരുകയാണ്.**

അടുത്ത മാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്. നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ട അവസാന തിയതി മറ്റന്നാളും, സൂക്ഷ്മപരിശോധന ഈ മാസം 22 നുമാണ്. 25 വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 125 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 29 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാം.

✪✪✪

സംസ്ഥാനത്ത് സപ്ലൈക്കോയുടെ സേവനം സാധാരണ ജനങ്ങൾക്ക് ഏറെ സഹായകമാണെന്ന് മന്ത്രി G.R അനിൽ പറഞ്ഞു. വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞു നിർത്താൻ സപ്ലൈക്കോയ്ക്ക് കഴിയുന്നുണ്ടെന്ന് അദ്ദേഹം കൊച്ചിയിൽ അറിയിച്ചു. എറണാകുളം ബോൾഗാട്ടി പാലസിൽ സംഘടിപ്പിച്ച സപ്ലൈകോയുടെ , ശബരി ബ്രാൻഡിൽ അഞ്ചു പുതിയ ഉത്പന്നങ്ങൾ പുറത്തിറക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അരിപ്പൊടി, പായസം മിക്സ്, പഞ്ചസാര, ഉപ്പ്, പാലക്കാടൻ മട്ട എന്നിവയാണ് പുറത്തിറക്കിയ പുതിയ ഉത്പന്നങ്ങൾ.

കഴിഞ്ഞ മാസം 32 ലക്ഷം പേർ സപ്ലൈകോ വിൽപനകേന്ദ്രങ്ങളിലെത്തി 168 കോടി രൂപയുടെ സാധനങ്ങൾ വാങ്ങിയതായി മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുന്ന നടപടി അതിവേഗം പുരോഗമിക്കുകയാണെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. ഇതിന്റെ ഭാഗമാണ് 2025 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും, സിവിൽ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും പരിഷ്ക്കരണം സംബന്ധിച്ച ഉത്തരവുകൾ ഉടൻ തന്നെ പുറത്തിറങ്ങുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ഇന്ന് ലോക ഫോട്ടോഗ്രാഫി ദിനം. ഭാഷാ അതിർവരമ്പുകൾ മറികടന്ന് വികാരങ്ങളും കഥകളും കാഴ്ചപ്പാടുകളും ഒറ്റ ഫ്രെയിമിൽ അവതരിപ്പിക്കാൻ കഴിയുന്ന ഫോട്ടോഗ്രാഫിയെന്ന സാർവത്രിക കലയുടെ അംഗീകാരമായാണ് ഓഗസ്റ്റ് 19 ലോക ഫോട്ടോഗ്രാഫി ദിനം ആചരിക്കുന്നത്.

✪✪✪

ഇന്ന് ലോക മാനുഷിക ദിനം. മനുഷ്യസ്നേഹികളുടെ സമർപ്പണം, പ്രതിബദ്ധത, ത്യാഗം എന്നിവ അംഗീകരിക്കുന്നതിനാണ് ഓഗസ്റ്റ് 19 ലോക മാനവിക ദിനമായി ആചരിക്കുന്നത്.

✪✪✪

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പെയ്യുന്ന ശക്തമായ മഴയും, വെള്ളപ്പൊക്കവും സാധാരണ ജനജീവിതത്തെ ബാധിച്ചു. ഡൽഹിയിൽ യമുനാനദിയിലെ ജലനിരപ്പ് അപകടനിലയ്ക്കും മുകളിലായി. ഡൽഹി മുഖ്യമന്ത്രി രേഖാഗുപ്ത വെള്ളപ്പൊക്ക മേഖലകൾ സന്ദർശിച്ചു. മഹാരാഷ്ട്രയിലും ശക്തമായ മഴ തുടരുകയാണ്. സംസ്ഥാനത്ത് സൈന്യം രക്ഷാപ്രവർത്തനം തുടങ്ങി.

കർണാടകയിലെ തീരമേഖലയിലും, ഉൾനാടൻ ജില്ലകളിലും മഴ ശക്തമായി. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടതിനെ തുടർന്ന് മഴ ശക്തമായ ജില്ലകളിൽ റെഡ് അലർട്ട് നൽകി.

ഇന്ന് അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക എന്നീ സംസ്ഥാനങ്ങളിൽ കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം, തെലങ്കാന, ഛത്തീസ്ഗഢ്, കേരളം എന്നീ സംസ്ഥാനങ്ങൾ ഓറഞ്ച് ജാഗ്രതയാണ്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം മുതൽ കോഴിക്കോട് വരെ ആറു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

മഴക്കാലത്ത് തീർഥാടകർ തെന്നിവീണ് അപകടം പതിവായതോടെ പമ്പ നീലിമല പാതയിൽ അറ്റകുറ്റപ്പണികൾ തുടങ്ങി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി S ശ്രീധർ.

............(വോയ്സ്)................

✪✪✪

കോഴിക്കോട് താമരശേരിയിൽ അമിബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച ഒമ്പത് വയസുകാരിയുടെ സഹോദരനേയും പനി ലക്ഷണങ്ങളോടെ മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ സാമ്പിളുകൾ പരിശോധനക്ക് അയച്ചിരിക്കുകയാണ്.

അമീബിക് ലക്ഷണങ്ങളോടെ മൂന്ന് മാസം പ്രായമായ ഓമശ്ശേരി സ്വദേശിയായ മറ്റൊരു കുട്ടിയും മെഡിക്കൽ കോളജിൽ ചികിൽസയിലുണ്ട്.

✪✪✪

സപ്ലൈകോയുടെ കാസർകോട് ജില്ലാതല ഓണം മേള ഈ മാസം 26-ന് കാഞ്ഞങ്ങാട് കോട്ടച്ചേരിയിൽ മന്ത്രി A.K ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ MP യും MLA മാരും മറ്റു ജനപ്രതിനിധികളും ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കും.

✪✪✪

വനിതാ കമ്മീഷന്റെ അദാലത്ത് കണ്ണൂരിൽ ആരംഭിച്ചു. കമ്മീഷൻ അംഗം P കുഞ്ഞായിഷയുടെ നേതൃത്വത്തിലാണ് അദാലത്ത്.

✪✪✪

കോഴിക്കോട് കോർപ്പറേഷനിലെ മൂരിയാട് പാലം മുതൽ മാങ്കാവ് ബൈപാസ് ജംഗ്ഷൻ വരെ റോഡിന് മുൻ MP, എം.പി.വീരേന്ദ്രകുമാറിന്റെ പേര് നൽകി. മന്ത്രി P.A മുഹമ്മദ് റിയാസാണ് നാമകരണം നടത്തിയത്.

✪✪✪

കൊയിലാണ്ടി തൊരായികടവ് പാലം തകർന്നത് നിർമാണത്തിലെ അപാകത കൊണ്ടാണെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. ഇത് ഒറ്റപ്പെട്ട സംഭവമായി കാണാനാകില്ലെന്നും, നിർമാണത്തിലെ വീഴ്ചകൾ അന്വേഷിക്കണമെന്നും, പാലം നിർമാണം പുനരാരംഭിക്കണമെന്നും സ്ഥലം സന്ദർശിച്ച അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ ജില്ലയിലെ പവർ ലൂം മേഖലയിൽ ജോലി ചെയ്യുന്ന ഒന്നാം കാറ്റഗറി തൊഴിലാളികൾക്ക് 2024-25 വർഷത്തിൽ പതിനാറര ശതമാനവും, രണ്ടാം കാറ്റഗറിയിൽ പതിമൂന്നര ശതമാനവും ബോണസ് നൽകാൻ തീരുമാനമായി. ഈ മാസം 31-നകം ബോണസ് വിതരണം ചെയ്യാൻ ജില്ലാ ലേബർ ഓഫീസറും തൊഴിലാളി - തൊഴിലുടമ പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ തീരുമാനമായി.

ജില്ലയിലെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ ബോണസ് തർക്കത്തിനും പരിഹാരമായി. ഇവരുടെ അടിസ്ഥാന ശമ്പളം 10,000 രൂപയായി കണക്കാക്കി 18 ശതമാനം ബോണസ് നൽകാനാണ് തീരുമാനം.

✪✪✪

---

*News Editor & News Reader : വി കെ സുരേഷ്*
*NRT s: ശരണ്യ രാജൻ, സാലിം*
*DEO: ഷീബ*